## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2811

20.6.2013- ൽ
മറുപടിക്ക്

### കയർ തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കയർ സഹകരണ സംഘം തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി എന്തു തുക നൽകിയിട്ടുണ്ട്; ഇതിൽ എന്തു തുക ക്ഷേമനിധി ബോർഡ് ചെലവഴിച്ചിട്ടുണ്ട്; എത്ര പേർക്ക് ആനുകൂല്യം നൽകി; വിശദമാക്കാമോ; | (എ) കഴിഞ്ഞ സർക്കാർ കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 750 ലക്ഷം രൂപ അനുവദിച്ച നൽകിയിരുന്നു.<br>ടി തുകയിൽ 17865400/- ലക്ഷം രൂപ കയർ സഹകരണ സംഘം തൊഴിലാളികൾക്കും 35134600 ലക്ഷം രൂപ മറ്റ് കയർ തൊഴിലാളികൾക്കും ആയി ആകെ 530 ലക്ഷം രൂപ ക്ഷേമനിധി ബോർഡ് ചെലവഴിച്ചിട്ടുണ്ട്.<br>2329 കയർ സഹകരണ സംഘം തൊഴിലാളികൾക്കും (കയർ സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ചവർക്ക് സംഘങ്ങളിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ലെന്ന സംഘം സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ), 6407 മറ്റ് കയർ തൊഴിലാളികൾക്കും ആണ് ഇപ്രകാരം വിരമിക്കൽ ആനുകൂല്യം നൽകിയിട്ടുള്ളത്. |
| (ബി) ഈ സർക്കാർ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി എന്തു തുക അനുവദിച്ചു; എത്ര പേർക്ക് പുതുതായി ആനുകൂല്യം നൽ കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി തുക അനുവദിച്ചിട്ടില്ല. |
| സി) വിരമിക്കൽ ആനുകൂല്യം പദ്ധതി സ്ഥിരമായി തുടരുന്നതിന് നടപടി സ്വീകരിക്കുമോ? | സി) വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ